**GOVERNMENT OF KERALA**

**Abstract**

Social Justice Department - Establishment – Creation of Nirbhaya Cell and posts for the proper implementation of Nirbhaya Policy - Sanctioned Orders issued.

---

**SOCIAL JUSTICE (A) DEPARTMENT**

G.O (MS) No.20/2014/SJD. Thiruvananthapuram, Dated: 03.03.2014.

---

**Read:-** 1. G.O.(Rt) 255/12/SWD dated 22.05.2012.
2. Letter No.E11/41693/11 dated 20.12.2013 from the Director of Social Justice, Thiruvananthapuram.

**ORDER**

In the circumstances reported by the Director of Social Justice in the letter read as 2nd paper above, sanction is accorded for the creation of a Nirbhaya Cell in the Directorate of Social Justice and the following posts in Social Justice Department for a period of one year for the proper implementation of Nirbhaya Policy.

| Sl. No. | Name of Post and Number | Method of Recruitment | Qualification for other Department |
|---|---|---|---|
| 1. | State Co-Ordinator (one) | IAS Officer/ Junior Time scale of Deputation from the category of Additional Director/ Joint Director of Social Justice, Department or similarly placed Officers of other Departments. | • MSW/MA in Social Sciences<br>• Experience of not less than 10 years. |
| 2. | Programme Officer (Prevention and Protection) (one) | Deputation from among Programme Officers/ Child Development Project Officer's of Social Justice Department. | |
| 3. | Programme Officer (Advocacy, Training and IEC) (one) | Deputation from among Programme Officers/ Child Development Project Officer's of Social Justice Department. | |
| 4. | Programme Officer (Monitoring & Evaluation) (one) | Deputation from among Programme Officers/ Child Development Project Officer's of Social Justice Department. | |

| | | | |
|---|---|---|---|
| 5. | Accounts Officer (one) | Deputation from among Senior Superintendents of Social Justice Department. | |
| 6. | Data Entry Operator (two) | On Contract Basis | • MS Office, DTP |

The expenditure in this account shall be met from the head of account 2235-02-103-79 (P). All the appointments will be done after ascertaining the aptitude of the applicant through an interview to be conducted by a committee to be appointed by Government.

(By order of the Governor)
**Dr.K.M.ABRAHAM**
Additional Chief Secretary

To

The Director of Social Justice.
The Principal Accountant General (Audit), Kerala, Thiruvananthapuram.
The Accountant General (A & E), Kerala, Thiruvananthapuram.
The Finance Department (Vide U.O.No.114219/WW.1/13/Fin dated 19.02.2014).
General Administration (SC) Department
Information and Public Relations Department, Web and New Media (for publishing in the website).
The Stock file/Office copy.

Forwarded/By order,

Section Officer

Nirbhaya

## 26.08.2016 ൽ ബഹു. സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ കൂടിയ 2-ാം നിർഭയ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിന്റെ മിനിട്ട്സ്

അജണ്ട 1 – 09/03/2016 ന് നടന്ന [illegible] എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ എടുത്ത തീരുമാനങ്ങളിന്മേൽ സ്വീകരിച്ച തുടർനടപടികൾ അവതരിപ്പിയ്ക്കുകയും ആയത് അംഗീകരിയ്ക്കുകയും ചെയ്തു.

**അജണ്ട 2:** <u>ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനം ന്യൂനതാ പഠനം സംബന്ധിച്ച്</u>

നിർഭയ സെല്ലിന്റെ മേൽനോട്ടത്തിൽ നിലവിൽ 11 ഷെൽട്ടർ ഹോമുകളുടെ ന്യൂനതാ പഠനം ചർച്ച ചെയ്യുകയും താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

a) ഷെൽട്ടർ ഹോമുകളുടെ നടത്തിപ്പിന് സാമൂഹ്യനീതി ഡയറക്ടർ (എൻ-370/14 തീ:04.03.2016) സമർപ്പിച്ച ബഡ്ജറ്റ് അംഗീകരിച്ചിട്ടുള്ളതായി സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി അറിയിച്ചു. എന്നാൽ ദേശീയ തലത്തിൽ തയ്യാറാക്കിയിട്ടുള്ള, ബഡ്ജറ്റ് അംഗീകാരത്തിന് സർക്കാരിലേയ്ക്ക് പ്രത്യേക പ്രൊപ്പോസൽ നൽകാൻ തീരുമാനിച്ചു.

b) ഷെൽട്ടർ ഹോം സ്റ്റാഫിന് നൽകേണ്ട ട്രെയിനിംഗ് അത്യാവശ്യമാണെന്നും ഇതിനാവശ്യമായ 6 ലക്ഷം രൂപ സാമൂഹ്യനീതി വകുപ്പിന്റെ 2016-17 ലെ ബഡ്ജറ്റിൽ നിന്നും നൽകാൻ സാമൂഹ്യനീതി ഡയറക്ടർ ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു.

c) നിർഭയ സെല്ലിന്റെയും 11 ഷെൽട്ടർ ഹോമുകളുടെയും കണക്കുകളും ഫണ്ട് മാനേജ്മെന്റും ക്രമീകരിക്കുന്നതിന് ഓൺ-ലൈൻ നെറ്റ്‌വർക്കിംഗ് സംവിധാനം പരിഗണിക്കാവുന്നതാണെന്നും, ഇതിനാവശ്യമായ നടപടികൾ സാമൂഹ്യനീതി ഡയറക്ടർ സ്വീകരിക്കേണ്ടതാണെന്നും തീരുമാനിച്ചു.

d) തിരുവനന്തപുരം പൂജപ്പുര സാമൂഹ്യനീതി ഇൻസ്റ്റിറ്റ്യൂഷണൽ കോംപ്ലക്സിൽ പ്രവർത്തിക്കുന്ന രണ്ട് നിർഭയ ഷെൽട്ടർ ഹോമുകളുടെ കെട്ടിടങ്ങളിൽ സൗകര്യം കുറവായതിനാൽ സർക്കാർ അനുവദിച്ചിട്ടുള്ള വാടക തുകയ്ക്കുള്ളിൽ ആവശ്യമായ സൗകര്യങ്ങളും സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ കണ്ടുപിടിച്ച് നിർഭയ ഷെൽട്ടർ ഹോമുകൾ മാറ്റുന്നതിന് കേരള മഹിള സമഖ്യ സൊസൈറ്റിയ്ക്ക് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

e) ഓരോ ഷെൽട്ടർ ഹോമിനും അവർ ആവശ്യപ്പെടുന്ന മുറയ്ക്ക് താമസക്കാരുടെ ആരോഗ്യപരമായ അത്യാവശ്യങ്ങൾക്ക് 10,000/- രൂപയും യാത്രചെലവുകൾക്കായി 10,000/- രൂപയും ഉൾപ്പെടെ 20,000/- രൂപ വരെ കോർപ്പസ് ഫണ്ട് അഡ്വാൻസായി നൽകാൻ തീരുമാനിച്ചു. ഇതിന്റെ വിനിയോഗത്തിനുള്ള കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സാമൂഹ്യനീതി ഡയറക്ടർ നൽകേണ്ടതാണ്.

f) നിർഭയ ഷെൽട്ടർ ഹോമുകൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്ന എൻ.ജി.ഒമാർക്ക് സ്ഥല സൗകര്യത്തിന് അനുസൃതമായി വാടക നൽകുന്ന വിഷയത്തിന്മേൽ ഉചിതമായ തീരുമാനം കൈക്കൊള്ളാൻ സാമൂഹ്യനീതി ഡയറക്ടറെ ചുമതലപ്പെടുത്തി.

g) നിർഭയ ഷെൽട്ടർ ഹോമുകൾക്ക് പ്രതിമാസം സർക്കാർ അനുവദിച്ചിട്ടുള്ള ഫണ്ട് അപര്യാപ്തമായി വരുന്ന സാഹചര്യത്തിൽ ഇവ നടത്തുന്ന സന്നദ്ധ സംഘടനകൾക്ക് താമസക്കാരുടെ ചികിത്സ, വിദ്യാഭ്യാസം മുതലായവയ്ക്ക് മറ്റ് സ്രോതസ്സുകളിൽ നിന്നും ഫണ്ട് സ്വരൂപിക്കാൻ അനുവാദം നൽകുന്ന വിഷയത്തിന്മേൽ ഉചിതമായ തീരുമാനം എടുക്കാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി.

h) ഷെൽട്ടർ ഹോം താമസക്കാരുടെ കേസുകൾ വാദിക്കുന്നതിന് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ സേവനം ആവശ്യം വരുന്ന മുറയ്ക്ക് തീർത്തും സൗജന്യമായി ഈ കേസുകൾ വാദിക്കാൻ തയ്യാറാകുന്ന അഡ്വക്കേറ്റുമാരുടെ ഒരു പാനൽ തയ്യാറാക്കി നൽകാൻ കെൽസയോട് ആവശ്യപ്പെടാൻ സാമൂഹ്യനീതി ഡയറക്ടറെ ചുമതലപ്പെടുത്തി.

**അജണ്ട 3:** <u>ഷെൽട്ടർ ഹോമുകൾക്കുള്ള സാമ്പത്തിക മാനദണ്ഡങ്ങൾ – നിർഭയ ഷെൽട്ടർ ഹോമുകൾക്ക് അധിക ചിലവ് വഹിക്കാനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച്</u>

നിർഭയ ഷെൽട്ടർ ഹോമുകൾ നടത്തുന്ന സന്നദ്ധ സംഘടനകൾ അത്യാവശ്യ ഘട്ടങ്ങളിൽ ചെലവഴിക്കാവുന്ന തുകയ്ക്ക് താഴെ നിർദ്ദേശിക്കുംപ്രകാരമുള്ള സാമ്പത്തിക വ്യവസ്ഥകൾ അംഗീകരിക്കാനും സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നൽകാനും തീരുമാനിച്ചു.

എ) യാത്രാ ചെലവുകൾക്കുള്ള മാനദണ്ഡങ്ങൾ

| Sl No | Item | Within the district | Outside the district | Outside the State | Remarks |
|---|---|---|---|---|---|
| | | A. Travel Allowance | | | |
| 1 | Public conveyance ( Bus) | Actual bus fare | Actual bus fare +50ps/km (limited to one D.A.) | Actual bus fare +50ps/km (limited to one D.A.) | |
| 2 | Auto | Limited to Rs 100/day | Limited to Rs 100/day | Limited to Rs 150/day | |
| 3 | Taxi | As per trip sheet of taxi | As per trip sheet of taxi | As per trip sheet of taxi | Only to be availed in transporting residents for medical emergencies |
| 4 | Train | Actual II Class Sleeper fare for each person | Actual II Class Sleeper fare and incidental expenditure of 50 p/km( limited to one | Actual II Class Sleeper fare and incidental expenditure of 50 p/km( limited to one daily | |

| | | | | | |
|---|---|---|---|---|---|
| | | | daily allowance.) for each person | allowance.) for each person | |
| | | B. Roomrent | | | |
| 1 | Room rent | Nil | In event of contingency limited to Rs 200/day | Rs 1000/day Rs 1600/day in metros | Metros: Delhi, Mumbai, Kolkota, Chennai |
| | | C. D.A | | | |
| 1 | D.A. for Halt | Nil | Rs 250/day | Rs 350/day | |

ഷെൽട്ടർ ഹോമുകളുടെ താമസക്കാരുടെ പ്രത്യേക ആവശ്യങ്ങൾ പരിഗണിച്ച് യാത്രാബത്തയ്ക്ക് പ്രതിമാസം/ത്രൈമാസ പരിധി തുക നിശ്ചയിക്കേണ്ടതില്ല എന്നും തീരുമാനിച്ചു. മേൽപടി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾക്ക് അനുസൃതമായി യാത്രാ ചെലവ് അംഗീകരിക്കാനും തീരുമാനിച്ചു.

ബി) ഷെൽട്ടർ ഹോമുകളുടെ അധിക ചെലവിനുള്ള മാനദണ്ഡങ്ങൾ

| Sl No | Item of expenditure | Fixed rate | Limit to which additional expenditure may be granted | Remarks |
|---|---|---|---|---|
| 1 | Medical | Medical consultation: Rs 5000<br><br>Medicine: included in consolidated amount of Rs 2000 allotted for each resident per month. | Registration, consultation, treatment and medicine expenses on production of original bills shall be reimbursed.<br>If a resident becomes an inpatient funds for expenses for food for inpatient and two escortsshall be reimbursed limited to Rs200/day for one person . | |
| 2 | T.A. | Included in consolidated amount of Rs 2000 allotted for each resident per month | Vehicle on hire to be arranged by the NGO on basis of competitive competitions and sanctioned by the Department of Social Justice.<br>Travel claims for travel during the non-availability of rented vehicle shall be sanctioned as per travel norms for Nirbhaya Shelter Homes. | |
| 3. | Newspaper and Library | Nil | Rs 5000 per year | |

Nirbhaya

**അജണ്ട 4: <u>2016-17 ൽ നാളിതുവരെ ഷെൽട്ടർ ഹോമുകളിലെ താമസക്കാരുടെ ആവശ്യങ്ങൾക്ക് ചെലവഴിച്ച അധിക തുക സംബന്ധിച്ച്</u>**

2016-17 സാമ്പത്തിക വർഷത്തിൽ 2016 ജൂൺ വരെ നിർഭയ ഷെൽട്ടർ ഹോമിലെ താമസക്കാർക്ക് പ്രതിമാസം വർക്കിംഗ് ഫണ്ടിന് പുറമേ പ്രത്യേക ആവശ്യങ്ങൾക്കായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ നിർദ്ദേശ പ്രകാരം താഴെ പറയുന്ന അധിക തുക ചെലവഴിച്ച നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | വിശദ വിവരം |
|---|---|---|---|
| 1. | അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോഴിക്കോട് | 51,500 | സ്കൂൾ ഓപ്പണിംഗ് എക്സ്പെൻസ് |
| 2. | കേരള മഹിള സമഖ്യ സൊസൈറ്റി | 1,66,200 | അനിമേഷൻ കോഴ്സ് ഫീസ്(10 താമസക്കാർക്ക്) |
| 3. | കേരള മഹിള സമഖ്യ സൊസൈറ്റി | 18,000 | ഫുഡ് പ്രൊഡക്ഷൻ കോഴ്സ് (ട്രാവലിംഗ് അലവൻസ്) |
| 4. | കൾച്ചറൽ അക്കാദമി ഫോർ പീസ്, എറണാകുളം | 7,500 | ഡിപ്ലോമ ഇൻ ഹെൽത്ത് അസിസ്റ്റൻസ് കോഴ്സ് |
| 5. | കേരള മഹിള സമഖ്യ സൊസൈറ്റി | 4,41,185 | സ്കൂൾ ഓപ്പണിംഗ് എക്സ്പെൻസ് |
| | ആകെ | 6,84,385/- | |

**അജണ്ട 5: <u>2015-16 ൽ കേരള മഹിള സമഖ്യ സൊസൈറ്റി ചെലവഴിച്ച അധിക തുക നൽകുന്നത് സംബന്ധിച്ച്</u>**

2015-16 സാമ്പത്തിക വർഷത്തിൽ കേരള മഹിള സമഖ്യ സൊസൈറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന നിർഭയ ഷെൽട്ടർ ഹോമുകൾക്ക് 2015 ഏപ്രിൽ മുതൽ 2015 ഡിസംബർ വരെ അനുവദിച്ച വർക്കിംഗ് ഫണ്ടിന് അധികരിച്ച് ചെലവായ 30,94,594/- രൂപ നൽകുന്ന വിഷയം ദീർഘമായി ചർച്ച ചെയ്യുകയും താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

a) അധികരിച്ച് ചെലവാക്കിയ തുക 30,94,594/- രൂപയുടെ വൗച്ചറുകളും ബില്ലുകളും കൃത്യമായി പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി.

b) നിർഭയ ഷെൽട്ടർ ഹോം നടത്തുന്ന എല്ലാ സന്നദ്ധ സംഘടനകളും വാർഷിക ബഡ്ജറ്റ് തയ്യാറാക്കി നൽകുന്നതിന് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

c) ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുകയിൽ അധികരിക്കാതെ ചെലവുകൾ പരിമിതപ്പെടുത്തേണ്ടതും പ്രത്യേക ഘട്ടങ്ങളിൽ അധിക ചെലവു വരുമ്പോൾ ആയതിന് മുൻകൂർ അനുമതി തേടേണ്ടതുമാണെന്ന് തീരുമാനിച്ചു.

d) പ്രസ്തുത ചെലവുകളുടെ അസൽ ബിൽ/വൗച്ചറുകൾ, വരവ് ചെലവ് സ്റ്റേറ്റ്മെന്റ്, ധനവിനിയോഗ സർട്ടിഫിക്കറ്റ് മുതലായവ അതാത് ക്വാർട്ടർ അവസാനിക്കുന്ന മുറയ്ക്ക് നിർഭയ സെല്ലിന് സമർപ്പിക്കാൻ നിർദ്ദേശിക്കണമെന്ന് തീരുമാനിച്ചു.

**അജണ്ട 6: പുതിയ ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്**

പുതുതായി കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, കണ്ണൂർ എന്നീ 5 ജില്ലകളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഷെൽട്ടർ ഹോമുകൾ സന്നദ്ധ സംഘടനകൾ മുഖേന അല്ലാതെ [illegible] നേരിട്ട് നടത്തുന്നതായിരിക്കും അഭികാമ്യമെന്ന് നിർഭയ ഓണററി ഡയറക്ടർ അഭിപ്രായപ്പെട്ടു. സർക്കാർ നേരിട്ട് നടത്തുന്നതിന് വിശദമായ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കാൻ നിർദ്ദേശിച്ചു.

**അജണ്ട 7: കൾച്ചറൽ അക്കാദമി ഫോർ പീസ് എന്ന സ്ഥാപനം നടത്തുന്ന എറണാകുളം ഷെൽട്ടർ ഹോമിലെ അധിക വൈദ്യുതി ബിൽ നൽകുന്നത് സംബന്ധിച്ച്**

കൾച്ചറൽ അക്കാദമി ഫോർ പീസ് എറണാകുളത്ത് നടത്തുന്ന നിർഭയ ഷെൽട്ടർ ഹോമിന് പ്രതിമാസം അനുവദിക്കാവുന്ന വെള്ളകരത്തിന് പകരം (8000 രൂപ) ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ പ്രതിമാസം 13,000/- (8000+5000) രൂപയിൽ അധികരിക്കാത്ത ഇലക്ട്രിസിറ്റി ബോർഡിന്റെ യഥാർത്ഥ ബില്ലിന്റ അടിസ്ഥാനത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ നൽകുന്നതിന് തീരുമാനിച്ചു.

**അജണ്ട 8: കോഴിക്കോട് ഷെൽട്ടർ ഹോമിലെ കെ.എസ്.ഇ.ബി. ഡിപ്പോസിറ്റ് തുക - സാധൂകരണം സംബന്ധിച്ച്**

“അന്വേഷി” എന്ന സന്നദ്ധ സംഘടന കോഴിക്കോട് ജില്ലയിൽ നടത്തുന്ന നിർഭയ ഷെൽട്ടർ ഹോം വാടക കെട്ടിടത്തിന്റെ വൈദ്യുതി ഡിപ്പോസിറ്റായി 2016 ജൂലായ് മാസത്തിലെ ബില്ലിൽ അധികമായി 10791/- രൂപ കെ.എസ്.ഇ.ബി.യ്ക്ക് സാമൂഹ്യ നീതി ഡയറക്ടറുടെ നിർദ്ദേശപ്രകാരം നൽകിയ നടപടി സാധൂകരിച്ചു.

**അജണ്ട 9: പൂജപ്പുര നിർഭയ ഷെൽട്ടർ ഹോമുകൾക്ക് വാഹനം ലഭ്യമാക്കുന്നത് സംബന്ധിച്ച്**

പൂജപ്പുര നിർഭയ ഷെൽട്ടർ ഹോമുകളിലെ താമസക്കാരുടെ ആവശ്യത്തിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ വാഹനം വാങ്ങാൻ അനുവദിക്കാമെന്ന് അറിയിച്ചിട്ടുള്ള 5 ലക്ഷം രൂപയും സാമൂഹ്യനീതി വകുപ്പിൽ നിന്നും നൽകാമെന്ന് തീരുമാനിച്ചിട്ടുള്ള 1.25 ലക്ഷം രൂപയും ചേർത്ത് മഹിള സമഖ്യ സൊസൈറ്റി വാങ്ങുന്ന വാഹനത്തിന് ആവർത്തന ചെലവ് നൽകുന്ന കാര്യം വിശദമായി ചർച്ച ചെയ്ത് താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

a) വാഹനം രജിസ്റ്റർ ചെയ്യുന്നത് പൂജപ്പുര നിർഭയ ഷെൽട്ടർ ഹോമിന്റെ പേരിലായിരിക്കണം.

b) വാഹനം വാങ്ങിയതിന് ശേഷം ആവർത്തന ചെലവുകൾക്കായി പ്രതിമാസം ഒരു നിശ്ചിത തുക “കൺവേയൻസ് അലവൻസായി” നൽകാൻ തീരുമാനിച്ചു. ഇതിനാവശ്യമായ നടപടികൾ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ കൈക്കൊള്ളുന്നതാണ്.

c) ഷെൽട്ടർ ഹോമിലെ താമസക്കാരുടെ വിദ്യാഭ്യാസം, ചികിത്സ, കോടതി മുതലായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി സർക്കാരിന്റെ സ്റ്റോർ പർച്ചേസ് റൂൾ പ്രകാരം ടെണ്ടറുകൾ ക്ഷണിച്ച് ഓരോ വർഷത്തേയ്ക്ക് പ്രതിമാസ വാടക നിരക്കിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

**അജണ്ട 10: <u>21 വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലുകളുടെ ന്യൂനത പഠന റിപ്പോർട്ട് സംബന്ധിച്ച്</u>**

നിലവിൽ എൻ.എച്ച്.എമ്മിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന 21 വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലുകളുടെ ന്യൂനത പഠന റിപ്പോർട്ട് വിശദമായി ചർച്ച ചെയ്തു. ഓരോ വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലിലും നിലവിലുള്ള രണ്ട് കൗൺസിലർമാരുടെ സേവനം ആവശ്യമില്ലായെന്നും ഈ കേന്ദ്രങ്ങളുടെ നിലവിലെ സൗകര്യങ്ങളും പ്രവർത്തനവും തീർത്തും അപര്യാപ്തമാണെന്നും അഭിപ്രായമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ തൽക്കാലം വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലിന് ഒരു കൗൺസിലറുടെ സേവനം മാത്രമേ ആവശ്യമുള്ളൂ എന്ന് തീരുമാനിച്ചു. ആയതിനാൽ സാമൂഹ്യനീതി വകുപ്പ് ഓരോ സെല്ലിലും ഒരു കൗൺസിലർക്ക് പ്രതിമാസം നൽകുന്ന വേതനമായ 14,620/- രൂപ 2016-17 സാമ്പത്തിക വർഷം മുതൽ നൽകേണ്ടതില്ലായെന്നു തീരുമാനിച്ചു.

**അജണ്ട 11: <u>തിരുവനന്തപുരം വൺ സ്റ്റോപ്പ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനത്തിന് ആവശ്യമായ അധിക തുക സംബന്ധിച്ച്</u>**

കേന്ദ്രധനസഹായത്തോടെ തിരുവനന്തപുരത്ത് പൂജപ്പുരയിൽ നിർമ്മിക്കുന്ന വൺ സ്റ്റോപ്പ് സെന്ററിന്റെ കെട്ടിടനിർമ്മാണത്തിന് പി.ഡബ്ല്യു.ഡി എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായി വരുന്ന അധിക തുകയായ 22.31 ലക്ഷം രൂപ സാമൂഹ്യനീതി വകുപ്പിന്റെ "4235-02-103-99 (പി)- നിർഭയ ഹോമുകളുടെ നിർമ്മാണം" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വകകൊള്ളിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സാമൂഹ്യനീതി ഡയറക്ടറെ ചുമതലപ്പെടുത്തി.

**അജണ്ട 12: <u>വൺ സ്റ്റോപ്പ് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച്</u>**

2016-17 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ കേരളത്തിന് അനുവദിച്ച 4 വൺ സ്റ്റോപ്പ് സെന്ററുകൾ സ്ഥാപിക്കുന്നതിന് താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

a) തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ 4 ജില്ലകളിൽ വൺ സ്റ്റോപ്പ് സെന്ററുകൾ സ്ഥാപിക്കാൻ സൗകര്യപ്രദമായ സ്ഥലം സർക്കാർ ആശുപത്രി പരിസരത്തോ ആശുപത്രിയുടെ സമീപത്തുള്ള അനുയോജ്യമായ സ്ഥലമോ കണ്ടെത്താൻ ആരോഗ്യ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ആരോഗ്യ വകുപ്പിന്റെ പ്രതിനിധിയെയും നിർഭയ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ അംഗമാക്കാൻ സർക്കാരിനോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

b) തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ വൺ സ്റ്റോപ്പ് സെന്റർ സ്ഥാപിക്കുന്നതിന് നൽകിയ പ്രൊപ്പോസലുകൾ, കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക്

*Nirbhaya*

അനുബന്ധമായി ഭേദഗതികൾ വരുത്തി നൽകാൻ ആരോഗ്യവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇതിനായി ആരോഗ്യ വകുപ്പുമായി ഏകോപിച്ച് നടപടികൾ സ്വീകരിക്കാൻ നിർഭയ സ്റ്റേറ്റ് കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തി.

c) താൽക്കാലിക ഭൗതീക നിർമ്മാണം ഏറ്റെടുക്കാതെ വൺ സ്റ്റോപ്പ് സെന്റർ നിലവിൽ [illegible]ഉള്ള ആശുപത്രികളിൽ സ്ഥാപിക്കുന്നത് [illegible] ഈ പദ്ധതി ഉടൻ നടപ്പിലാക്കാൻ സഹായകരമാകുന്നത് എന്ന് തീരുമാനിച്ചു.

d) വൺ സ്റ്റോപ്പ് സെന്ററുകളുടെ നടത്തിപ്പ് ചുമതല സാമൂഹ്യനീതി വകുപ്പിൽ അക്രെഡിറ്റഡ് സന്നദ്ധസംഘടനകളെ ഏൽപ്പിക്കാൻ തീരുമാനിച്ചു.

**അജണ്ട 13:** <u>**തിരുവനന്തപുരത്ത് വൺ സ്റ്റോപ്പ് സെന്ററിന് താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച്**</u>

കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കുന്ന വൺ സ്റ്റോപ്പ് സെന്റർ പ്രവർത്തിപ്പിക്കുന്നതിന് താൽക്കാലികാടിസ്ഥനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സാമൂഹ്യനീതി ഡയറക്ടറെ ചുമതലപ്പെടുത്തി.

**അജണ്ട 14:** <u>**തിരുവനന്തപുരം വൺ സ്റ്റോപ്പ് സെന്ററിന്റെ പ്രവർത്തനത്തിന് നിർഭയ സെല്ലിന് കോർപ്പസ് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച്**</u>

തിരുവനന്തപുരം ജില്ലയിൽ പ്രാവർത്തികമാക്കുന്ന വൺ സ്റ്റോപ്പ് സെന്റർ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് ഇതിന്റെ ദൈനംദിന നടത്തിപ്പിനായി അത്യാവശ്യ ഘട്ടങ്ങളിൽ നേരിട്ട് ചെലവഴിക്കുന്നതിനായി 10000/- രൂപ അഡ്വാൻസായി നിർഭയ സെല്ലിന് പണമായി നൽകാൻ തീരുമാനിച്ചു.

**അജണ്ട 15:** <u>**ഡോ. സുനിത കൃഷ്ണൻ, ഓണററി ഡയറക്ടർ ഔദ്യോഗിക സന്ദർശനത്തിന് ചെലവായ തുകയുടെ സാധൂകരണം സംബന്ധിച്ച്**</u>

നിർഭയയുടെ ഓണററി ഡയറക്ടർ ഡോ. സുനിതാ കൃഷ്ണന്റെ തിരുവനന്തപുരം യാത്രയുമായി (21.03.2016 മുതൽ 15.06.2016 വരെ) ബന്ധപ്പെട്ട ₹90,588/- രൂപ യുടെ ചെലവ് സാധൂകരിക്കാൻ തീരുമാനിച്ചു.

**അജണ്ട 16:** <u>**നിർഭയ സെല്ലിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ഓഫീസ് അറ്റൻഡർ, ഡ്രൈവർ എന്നിവരുടെ ദിവസ വേതനം പുതുക്കുന്നത് സംബന്ധിച്ച്**</u>

നിർഭയ സെല്ലിന്റെ ഓഫീസ് അറ്റൻഡർ, ഡ്രൈവർ എന്നീ തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീ. ആനന്ദ്.ജി.ആർ, ശ്രീ. ലിജിൻ.ജെ.എസ് എന്നിവർക്ക് 26.02.2016 ലെ സർക്കാർ ഉത്തരവ് 28/2016/ഫിൻ പ്രകാരമുള്ള പുതുക്കിയ ദിവസ വേതനമായ യഥാക്രമം 600/- രൂപയും 650/- രൂപയും 01.04.2016 മുതൽ നൽകുന്നതിന് തീരുമാനിച്ചു.

**അജണ്ട 17: <u>നിർഭയ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ധനവിനിയോഗ അധികാരം സംബന്ധിച്ച്</u>**

നിർഭയ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ധനവിനിയോഗാധികാരം നൽകേണ്ടതില്ലായെന്ന് 08.07.2016 ലെ 782/ബി3/2015/സാനീവ നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതിനാൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചു.

എന്നാൽ നിർഭയ സെല്ലിനെ ട്രാവൻകൂർ കൊച്ചി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം ഒരു സ്വയംഭരണാധികാരമുള്ള സൊസൈറ്റിയായി രൂപീകരിക്കേണ്ടത് അത്യാവശ്യമാണെന്നും ഇതിനുള്ള തുടർ നടപടികൾ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്നും തീരുമാനിച്ചു.

**അജണ്ട 18: <u>നിർഭയ സെല്ലിന്റെ വരവ് ചെലവ് കണക്ക് 2015-16 അംഗീകരിക്കുന്നത് സംബന്ധിച്ച്</u>**

നിർഭയ സെല്ലിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്ക് അംഗീകരിച്ചു.

**അജണ്ട 19: <u>നിർഭയ സെല്ലിന്റെ വരവ് ചെലവ് കണക്ക് 2016-17 ജൂൺ 2016 വരെ അംഗീകരിക്കുന്നത് സംബന്ധിച്ച്</u>**

നിർഭയ സെല്ലിന്റെ 2016-17 (30.06.2016 വരെ) യുള്ള വരവ് ചെലവ് കണക്ക് അംഗീകരിച്ചു.

(ഒപ്പ്)

സാമൂഹ്യനീതി വകുപ്പ് മന്ത്രി

- TRUE COPY -

*Dr. MINI NAIR*
*State Co-ordinator*
*Nirbhaya Cell*
*Social Justice Department*